
little KITEs
W A V E S
A MAGAZINE BY LITTLE KITES


W A V E S


SABARI HIGHER SECONDARY SCHOOL
PALLIKURUP
SABARI



# എഡിറ്റോറിയൽ ബോർഡ്

സാന്ദ്ര സുരേഷ്

അഞ്ജലി

മുനവ്വറലി

മുഹമ്മദ് ഹാഷിം

ജ്യോതി

സുകന്യ

ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.

ദൂരവും,സമയവും വേഗവുമൊന്നും നമുക്കൊരു

പ്രശ്നമല്ലാതായിരിക്കുന്നു.ഈ വേഗതയ്ക്കൊപ്പം

ഓടിയെത്താൻ കഴിയാത്തവർ തളർന്നു വീഴുന്ന ഒരു

സ്ഥിതിവിശേഷമാണിന്നുള്ളത്.

എല്ലാം ഡിജിറ്റലായ ഈ കാലത്തു കമ്പ്യൂട്ടർ

സാക്ഷരത അത്യാവശ്യമാണ്.

അതുകൊണ്ടുതന്നെയാണ് കമ്പ്യൂട്ടർ ഒരു വിഷയമായി

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് .ലോകം

വിരൽ തുമ്പിലാക്കാൻ കഴിയുന്ന പല സാങ്കേതിക

വിദ്യകളും ഇന്നുണ്ട്. ഇവ ഉപയോഗപ്പെടുത്തി പുതിയ

അറിവുകൾ അന്വേഷിച്ചു കണ്ടെത്താൻ ഒരു

പ്രയാസവും ഇന്നില്ല.നാം നേടുന്ന ഓരോ അറിവും

ലോക നന്മക്കാവട്ടെ ...

എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ

കവിത
ലേഖനം
കവിത
യാത്രാവിവരണം
ലേഖനം
കവിത
കവിത
ഉപന്യാസം
പഴംചൊല്ലുകൾ
കവിത

## സന്ദേശം

ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയിലൂടെ കുട്ടികൾ സാങ്കേതിക രംഗത്ത് അനുദിനം മുന്നേറികൊണ്ടിരിക്കുകയാണല്ലോ .ശബരി H .S ലെ കുട്ടികളുടെ സര്ഗാത്മകവും ഭാവനാത്മകവുമായ കഴിവുകൾ ,'ഇ -മാഗസീനിലൂടെ പ്രകാശിപ്പിക്കുന്നതിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ട്.വിവര സാങ്കേതിക വിദ്യ പുതു തലമുറക്ക് പുത്തനുണർവും ഉന്മേഷവും നൽകുന്നതോടൊപ്പം സാഹിത്യാഭിരുജിയും സർഗാത്മകതയും ഉണർത്താൻ ഉതകുന്നതുമാകട്ടെ.ഇതിൽ പങ്കളികളായ ലിറ്റിൽ കൈറ്റ്സുകളെല്ലാം ലിറ്റിൽ സ്റ്റാറുകളായി ജ്വലിക്കട്ടെ .

ഹരിപ്രഭ കെ
പ്രധാനാധ്യാപിക

# അമ്മ

മനസ്സിന്റെ താളിൽ ഞാൻ ഒളിച്ചുവച്ചു

അമ്മതൻ സ്നേഹത്തിൻ പാൽത്തുള്ളികൾ

വാത്സല്യ മലരുകൾ എന്നമ്മ തെളിച്ചൊരു

വാനിലെ നക്ഷത്ര പൊൻ തിരികൾ

ഞാനെത്ര വളർന്നു  വലുതായിയെന്നാലും

എന്നമ്മക്ക് ഞാനെന്നും ഉണ്ണിയാണെ

എന്നുമെനിക്കായ് നൽകുവാൻ മാനത്തെ

മാമന്റെ ചന്തം പുഞ്ചിരിയിൽ ചാലിച്ചെടുത്തമ്മ

വിതുമ്പുന്ന ചുണ്ടിൽ അമ്മയെ തീർത്തു

നിറമിഴിയുമായ് ഞാൻ എന്നമ്മയെ തേടി വന്നു

കണ്ടു ഞാൻ ഓർമ്മതൻ പളുങ്ക് മണികൾ

ചിന്നി ചിതറി കിടക്കുന്ന മാവിൻ ചുവട്

സനിക ,10 A



## തർജ്ജമയും മൂലകൃതിയെയും കുറിച്ച് ഒരു ലഘു ലേഖനം

ലോകക്ലാസിക്കുകളിൽ ഒന്നായ മാർക്ക് ട്വേനിന്റെ ഹക്കിൾബെറി ഫിന്നിന്റെ വിക്രമങ്ങൾ എന്ന കൃതിയെക്കുറിച്ചുള്ള ആസ്വാദനമാണിത് .


അമേരിക്കയിലെ ഫലിതസാഹിത്യകാരന്മാരിൽവെച് അദ്വിതീയനായ മാർക്ക് ട്വൈനിന്റെ ' The Adventures of Hukleberry Finn 'എന്ന ഉൽകൃഷ്ടകൃതിയുടെ മലയാള വിവർത്തനമാണ് ഇത് .


ഏതു എഴുത്തുക്കാരനും അന്യരിൽനിന്നു വ്യത്യാസപ്പെട്ട ഒരു സവിശേഷ വ്യക്തിത്വമുണ്ടായിരിക്കും .ഈ നിസ്തുലത ആണല്ലോ സാഹിത്യകാരന്റെ പ്രാണൻ,ഇമട്ടിൽ നിസ്തുലരായ വിശ്വസാഹിത്യകാരന്മാരുടെയിടയിൽ അതിനിസ്തുലനാണ് മാർക്ക് ട്വൈൻ.ഭാവരൂപങ്ങളിൽ അദ്ദേഹത്തിന്റെ കൃതികൾ തികച്ചും അതിസ്വാതന്ത്രമായ ഒരു മണ്ഡലത്തിൽ

നിൽക്കുന്നു .അദ്ദേഹത്തിന്റെ ഏതു വാക്യവും നിങ്ങൾ വായിച്ചുകൊള്ളു ,അതിന്റെ കർതൃത്വം സ്വയം വിശദമായിക്കൊള്ളും .ലോകത്തിലെ ഏറ്റവും വലിയ നദിയായ മിസ്സിസിപ്പിയുടെ തീരത്തുള്ള ഹാനിബാൾ എന്ന കൊച്ചു പട്ടണത്തിൽവളർന്ന സാമുവൽ ലാൻഗൺ ക്ളമൻസിന്റെ തൂലിക നാമമത്രെ മാർക്ക് ട്വൈൻ.പുഴയിലെ വള്ളക്കാരുടെ വിളികളിൽ ഒന്നാണ് മാർക്ക് ട്വൈൻ.

സ്വന്തം ജീവിതാനുഭവങ്ങൾ നല്ല നാടൻശൈലിയിൽ ആവിഷ്കരിച്ച ട്വൈൻ, സാഹിത്യത്തിലെ ഒരദ്ഭുതംതന്നെയാണ്. ഹക്കിൾബെറി ഫിൻ എന്നകുട്ടി അവനു ഏറ്റവും പ്രിയപ്പെട്ട കാപ്പിരിയായ ജിം,വിശ്വാവഞ്ചകരായ രാജാവും പ്രഭുവും, വിരുദ്ധനായ ടോം സോയർ എന്നീ കഥാപാത്രങ്ങൾ, ജീവിക്കുന്ന ഏതു മനുഷ്യരെക്കാളുംനിങ്ങളെ അവർണ്ണിച്ചടിമപെടുത്തും. 1967-ൽ ആണ് ഹക്ലേബെറി ഫിന്നിന്റെ വിക്രമങ്ങൾ' എന്ന മാർക്ക് ത്വാൻ കൃതിയുടെ വിവർത്തനം രചിക്കപ്പെട്ടത്. സുകുമാർ അഴിക്കോടിന്റെ ആദ്യത്തെ തർജ്ജമയും ആദ്യകാലത്തേ കൃതിയുമായിരുന്നു അത്.

ഏതു രാജ്യത്തെകുട്ടികളായാലും തീർച്ചയായും വായിച്ചിരിക്കേണ്ട കൃതിയാണ് ഇതെന്ന് അദ്ദേഹം പറയുന്നു.ലോകത്തിലെ നാലാമത്തെ വൻ നദിയായ മിസ്സിസിപ്പിയുടെ രഹസ്യങ്ങളുടെ ഇതിഹാസമാണ് ഇത്. മാർക്ക് ട്വൈണിന്റെ ജീവിതാനുഭവങ്ങൾ തന്നെയാണ് ഇതിൽ കാണുന്നത്. ലോകത്തെങ്ങുമുള്ള കുട്ടികളുടെ ഹൃദയത്തിന്റ അധിനായകത്വം വഹിക്കുന്ന കൃതിയാണത്.എന്നെ വളരെയേറെ ആകര്ഷിച്ചയൊന്നും. എന്ന്



സാന്ദ്ര സുരേഷ്,9-A



# ചീട്ടുകൊട്ടാരം



മണ്ണിനെ കീറിമുറിച്ച ഞാനിന്നൊരു
ഇരുനില ഫ്ലാറ്റുകൾ തീർത്തിടുമ്പോൾ
അംബരചുംബിയാ കെട്ടിടം നോക്കി
,ഞാനമ്പരന്നാഹ്ലാദിച്ച മദിച്ചുപോയി
പൊള്ളുന്ന വെയിലിൽ ചൂളുന്ന ഞാനിന്ന്
എയര്കണ്ടീഷനൊന്ന് ഫിറ്റുചെയ്തു
പൊടിയും പുകയും തിന്നു മടുത്തപ്പോൾ
ശുദ്ധജലവും കുളിർതെന്നലും



വായുവും
സ്വപ്നത്തിലെന്നെ താരാട്ടുപാടി
അക്കിനാവിൽ ഞാനൊന്നു
മയങ്ങീടവേ
യന്ത്രങ്ങളെരക്കം കണക്കെ കൊതുകുകൾ
എൻ കാതിൽ മന്ത്രിച്ചോന്നുമ്മവെച്ചു
ചീറിപ്പായുന്ന ശകടാരവങ്ങൾ -
ഓർമയിൽ വിടരുന്ന ഗ്രാമീണ സൗരഭ്യം
നാട്ടിൻപുറങ്ങളും നാട്ടുമാച്ചോടും
മാധുര്യമൂറുന്ന നാടോടിപ്പാട്ടും
നാടന്കളികളും നാട്ടുകൃഷികളും
നാട്ടറിവുകൾക്കും മാറ്റമില്ലത്രേ !
വികസനമെന്നൊരു താണ്ഡവനൃത്തത്തിൽ

നാടിനെ കൊല്ലുന്ന നരാധമന്മാരെ

ഓർക്കുക നീയെന്നും .......................

നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം (കവിവാക്യം )

അഭിനവ് കൃഷ്ണ 8 A

## എന്റെ യൂറോപ്യൻ യാത്ര

( 2013 ഏപ്രിൽ 26 മുതൽ മെയ് 7 വരെ നടത്തിയ യൂറോപ്യൻ യാത്രയുടെ വിവരണത്തിൽ നിന്നെടുത്ത ചില ഭാഗങ്ങൾ )

(യാത്രയുടെ 6 ,7 ദിവസങ്ങളിലെ വിവരണമാണ് ഇവിടെ ഉള്ളത്)

ഇന്ന് ഞങ്ങൾ പാരിസിനോട് വിട പറയുകയാണ് ഭക്ഷണം കഴിഞ്ഞു ഹോട്ടലിൽ നിന്നും check out ചെയ്തു .രാവിലെ പാരിസിൽ നിന്നും ഭക്ഷണം കഴിക്കുന്ന ഞങ്ങൾ ഉച്ച ഭക്ഷണത്തിനു ബ്രസ്സൽസിലും (ബെൽജിയം),രാത്രി നെതർ ലാൻഡ്സിലും എത്തും..

ആദ്യം വാഴ്സായിൽ കൊട്ടാരത്തിലേക്കാണ്

പോയത്.പാരിസിൽ നിന്നും 40 കിലോമീറ്റർ അകലെയാണിത്.1682 -1790 വരെ ഫ്രഞ്ച് ചക്രവർത്തിമാരുടെ ഔദ്യോഗിക വസതിയായിരുന്നു ഇത് .ഞങ്ങൾ കൊട്ടാരത്തിനു സമീപം എത്തിയപ്പോഴേക്കും നീണ്ട ക്യൂ രൂപപ്പെട്ടു കഴിഞ്ഞിരുന്നു .കൊട്ടാരം തുറക്കുന്ന സമയമായപ്പോഴേക്കും ക്യൂ വളരെ നീളത്തിലായി. പുറത്തു നിന്ന് നോക്കുമ്പോൾ തന്നെ അകത്തെ ആഡംബരം ഊഹിക്കാം ..പ്രവേശന കവാടത്തിൽ വെച്ച് walk man പോലുള്ള ഒരു സാധനം കയ്യിൽ തന്നു.ഓരോ സ്ഥലത്തും ഉള്ള നമ്പറുകൾ ഞങ്ങൾക്ക് കിട്ടിയ ഉപകരണത്തിൽ അടിച്ചാൽ ആ ഭാഗത്തെ കുറിച്ചുള്ള വിവരണം കിട്ടും.നമുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ആഡംബരം ആണ് അകത്തുള്ളത്.ചിത്രപ്പണികളും,. കൊത്തുപണികളും കൊണ്ട് അലങ്കരിച്ച മുറികൾ,മനോഹരമായ ശില്പങ്ങൾ,തൂക്കുവിളക്കുകൾ,പെയിന്റിങ്ങുകൾ എന്ന് വേണ്ട സ്വർണം കൊണ്ടുള്ള അലങ്കാരങ്ങൾ വരെ ഉണ്ട്.കൊട്ടാരത്തിനകത്തു നല്ല തിരക്കാണ്.അകത്തുള്ള ജനാലകളിലൂടെ പുറത്തേക്കു നോക്കിയാൽ വളരെ വിശാലമായ പൂന്തോട്ടം കാണാം ഇത് വിശാലമാണെന്നു മാത്രമല്ല വളരെ ആസൂത്രിതമായി പണികഴിപ്പിച്ചതുമാണ് . പൂന്തോട്ടം ചുറ്റി കാണുന്നതിന് വേണ്ടി ഒരു ചെറിയ

തീവണ്ടിയും ഉണ്ട്.അകത്തെ കാഴ്ചകൾ കണ്ടു കണ്ണ് മഞ്ഞളിച്ച ഞങ്ങൾ അല്പസമയം പുറത്തു ചിലവഴിച്ച ശേഷം ബ്രസ്സൽസ്സിലേക്ക് യാത്ര തിരിച്ചു.
നീണ്ട യാത്രകളിൽ ഞങ്ങളുടെ ബസ്സിനകത്തു കലാപരിപാടികൾ ആരംഭിക്കും.CP എന്ന് ചുരുക്കപ്പേരിട്ടിരിക്കുന്ന കോയമ്പത്തൂർ പാർട്ടിയാണ് പാട്ടുകൾക്ക് തുടക്കം കുറിക്കുക.വഴിയിൽ ഒരു PUMPING STATION ൽ ബസ് നിർത്തി പൊതിഞ്ഞു കൊണ്ടുവന്ന ഭക്ഷണം കഴിച്ചു. ദീർഘദൂര യാത്രകളിൽ COACH CAPTAIN ന (ഡ്രൈവർ)വിശ്രമം കിട്ടുന്നതിന് വേണ്ടി അര മണിക്കൂർ ഇത്തരം സ്ഥലങ്ങളിൽ ബസ് നിർത്തിയിടും .സ്പെയിൻകാരനായ പാക്കോ ആണ് ഞങ്ങളുടെ COACH CAPTAIN.വളരെ സൗമ്യശീലനാണ് അദ്ദേഹം.
ഞങ്ങൾ ബ്രസ്സൽസിൽ എത്തിയപ്പോഴേക്കും വൈകുന്നേരം ആറുമണി ആയി.ബൽജിയത്തിന്റെ തലസ്ഥാനമാണ് ബ്രസ്സൽസ് .പാരിസിൽ നിന്നും 300 KM ദൂരം ഉണ്ട് ഇവിടേയ്ക്ക്.യൂറോപ്പിന്റെ തൊഴിൽശാല എന്നാണ് ബ്രസ്സൽസിന്റെ വിശേഷണം.മിക്ക മുതലാളിത്ത ശക്തികളുടെയും കോളനി ആയിരുന്ന ബെൽജിയം.1598 ൽ സ്പെയിൻ ലെ ഫിലിപ്പ് രണ്ടാമൻ മകൾ ഇസബെല്ലക്ക് ബെൽജിയം സ്ത്രീധനമായി നൽകി.ഇന്ന് ന്യൂ ആര്ട്ട്

ശില്പങ്ങൾക്ക് പ്രശസ്തമാണ് ഇവിടം.

ഞങ്ങൾ ആദ്യം ലാപ്ലയിലാണ് എത്തിയത്.വിശാലമായ ഒരു മുറ്റത്തിന് ചുറ്റും മനോഹരമായ കെട്ടിടങ്ങൾ.അതാണ് ലാപ്ള .ഇത് ഇപ്പോൾ ബ്രസ്സൽസ്സിലെ ഏറ്റവും വലിയ മാർക്കറ്റ് PLACE ആണ്.ഈ ചത്വരത്തിനു ചുറ്റും ഉള്ള കെട്ടിടങ്ങളിലെല്ലാം ഓരോ ശില്പങ്ങൾ ഉണ്ട് .ഈ ശില്പങ്ങളുടെ പേരിലാണ് പല കെട്ടിടങ്ങളും അറിയപ്പെടുന്നത്.(SWAN ന്റെ ചിത്രം ഉള്ളത് SWAN HOUSE .)ചത്വരത്തിന്റെ ഒരു ഭാഗത്ത് കൊട്ടാരം, എതിർ വശത്ത് ടൗൺ ഹാൾ ,ഒരു വശത്ത് പഴയ രാജകുമാരിയുടെ കൊട്ടാരം,ഇത് ഇന്നൊരു RESTAURANT ആണ്.മറ്റൊരു വശത്തുള്ള കൊട്ടാരം ഇന്ന് ഒരു മ്യൂസിയം ആണ് .



ഈ ചത്വരത്തിൽ എല്ലാ ഞായറാഴ്ചയും പൂ മാർക്കറ്റ് ഉണ്ട്.പണ്ട് ഇവിടെ ഒരു BIRD മാർക്കറ്റ് ആയിരുന്നു.എന്നാൽ ഇന്ന് പക്ഷികളുടെ വിൽപ്പന നിരോധിച്ചിരിക്കുന്നു.ആഗസ്റ്റിലെ രണ്ടാമത്തെ ഞായറാഴ്ച ഈ ചത്വരത്തിൽ പൂക്കൾ കൊണ്ട് പരവതാനി വിരിക്കും.



ടൗൺഹാളിന്റെ വശത്തുള്ള
വഴിയിലൂടെ മുന്നോട്ട് നടന്നാൽ
മാനികൃൻ പീസിന് അടുത്തെത്താം .
16 CM ഉയരമുള്ള
മൂത്രമൊഴിച്ചുകൊണ്ട് നിൽക്കുന്ന ഒരു
ആൺ കുട്ടിയുടെ
പ്രതിമ.ധൈര്യത്തിന്റെയും
ഐശ്വര്യത്തിന്റെയും ഒക്കെ
പ്രതീകമായാണ് ഇവിടുത്തെ ആളുകൾ ഈ -പ്രതിമയെ
കാണുന്നത് .ഈ പ്രതിമയെ കുറിച്ച് ഇവിടെ നിരവധി
കഥകൾ ഉണ്ട്.ഈ പ്രതിമ ഇന്ന് ബ്രസ്സൽസിന്റെ SYMBOL
ആണ്.മാനികൃൻ പ്രതിമ നഗ്നമാണ് .പ്രശസ്തരായ പല
ആളുകളും ഈ പ്രതിമക്ക് സമ്മാനങ്ങൾ
കൊടുക്കാറുണ്ട്.അവ ഒരാഴ്ച പ്രതിമയെ അണിയിച്ച ശേഷം
മ്യൂസിയത്തിൽ സൂക്ഷിക്കും.ഞങ്ങൾ കാണുമ്പൊൾ ഒരു
ഷെഫിന്റെ വേഷമാണ് പ്രതിമ അണിഞ്ഞിരുന്നത്.
ഇതിനടുത്തേക്കുള്ള വഴിയിൽ വീണുകിടക്കുന്ന ഒരു
സൈനികന്റെ വലിയൊരു പ്രതിമയുണ്ട്.ഇതിൽ തൊട്ടു
എന്തെങ്കിലും ആഗ്രഹിച്ചാൽ ഒരു കൊല്ലത്തിനുള്ളിൽ ആ
കാര്യം സാധിക്കുമത്രേ.
ഇവിടം നല്ലൊരു ഷോപ്പിംഗ് സ്ഥലം ആയതുകൊണ്ട്

ഞങ്ങൾക്ക് അൽപ്പ സമയം അനുവദിച്ചു
കിട്ടിയിട്ടുണ്ട്.പ്രശസ്തമായ ബെൽജിയം ചോക്കലേറ്റുകളും
,.മാനികൃൻ പ്രതിമകളും ,മറ്റു വസ്തുക്കളും ഒക്കെ വാങ്ങാം.
രാത്രി എട്ടേകാൽ ആയപ്പോൾ ഞങ്ങൾ ബസ്സിൽ തിരിച്ചു
കയറി.വളരെ
മനോഹരമാണ് ഈ
നഗരം.ഫ്രഞ്ച് മാതൃകയിലുള്ള
പഴയ കെട്ടിടങ്ങൾ,വളരെ
ഉയരമുള്ള പുതിയ
കെട്ടിടങ്ങൾ......
നൊത്തർ ഥാം കത്രീഡലിനു
മുന്നിലൂടെ,കൊട്ടാരത്തിനു



മുന്നിലൂടെ,അറ്റോമിയത്തിലേക്ക്.ഒരു ഇരുമ്പു തന്മാത്രയെ
165 ബില്യൺ പ്രാവശ്യം വലുതാക്കിയാൽ കിട്ടുന്ന രൂപം
ആണ് അറ്റോമിയം .ഈഫൽ ടവർ ഒരു
പ്രദര്ശനത്തിലാണ് നിർമ്മിച്ചത്.ബെൽജിയത്തിൽ വച്ച്
നടന്ന ഒരു പ്രദര്ശനത്തിലേക്കു ആളുകളെ
ആകർഷിക്കാനാണ് അറ്റോമിയം
നിർമ്മിച്ചത്.1991 ൽ.ബ്രസ്സൽസിൽ നിറയെ ട്രാമുകൾ
ഉണ്ട്.UK യിലും,ഫ്രാൻസിലും കണ്ടതുപോലെ നല്ല വെളുത്ത
നിറമുള്ളവരല്ല ഇവിടുത്തുകാർ.കുറച്ചു നിറം

കുറവാണ്.പലർക്കും കറുത്ത മുടിയാണ് ഉള്ളത്.പട്ടണം വിട്ടാൽ  വഴിക്കു ഇരു വശവും നിറയെ മരങ്ങളാണ്....കാടുകൾ പോലെ.യൂറോപ്പിലെ രണ്ടു രാജ്യങ്ങളിൽ,ബെൽജിയത്തിലെ,നെതർലാൻഡിലും മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളതെന്ന് ഞങ്ങളുടെ ഗൈഡ് പറഞ്ഞു.രാത്രി എട്ടേമുക്കാലോടെ ബെൽജിയത്തിൽ നിന്നും നെതര്ലാണ്ടിലെക്ക് പുറപ്പെട്ടു.സൂര്യൻ അസ്തമിച്ച തുടങ്ങിയിരിക്കുന്നു.വഴിയുടെ ഇരു വശവും വിജനമാണ് ധാരാളം പശുക്കൾ മേഞ്ഞു നടക്കുന്നുണ്ട്.വീടുകളുടെ പുറത്തുപോലും ആളുകളെ കാണാനില്ല.
ഐൻഡോവൻ എന്ന സ്ഥലത്തെ NH ഹോട്ടലിൽ ആണ് ഞങ്ങൾക്ക് രാത്രി വിശ്രമം. NH ഗ്രൂപ്പിന് ലോകത്താകമാനം 600 ഹോട്ടലുകളാണ് ഉള്ളത്.വേറെയും പല ടൂറിസ്റ്റ് സംഘങ്ങൾ ഈ ഹോട്ടലിൽ താമസിക്കുന്നുണ്ട്. ഇവിടെ വച്ച് കോങ്ങാട് നിന്നുള്ള ഒരു സംഘത്തെ പരിചയപ്പെട്ടു.ഭക്ഷണം കഴിഞ്ഞു സുഖമായി ഉറങ്ങി.

ജ്യോതി കെ എ,
കൈറ്റ്സ് മിസ്ട്രസ്

## ഊർജ്ജ സംരക്ഷണവും ഉപഭോഗവും വീടുകളിൽ

ശാസ്ത്രംനിരീക്ഷണമാണ്
,പരീക്ഷണമാണ്.തെളിവുകളുടെ
അടിസ്ഥാനത്തിലുള്ള കണ്ടെത്തലാണ്.മാനവ
പുരോഗതിയിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾ
സഹായിട്ടുണ്ട്.സമയത്തിൽ മനുഷ്യൻ നേടിയ ജയം
,ആരോഗ്യത്തിൽ നേടിയ പുരോഗതി,,ദൂരത്തെ
അതിജീവിക്കാൻ കഴിഞ്ഞത്ഇങ്ങനെ മനുഷ്യൻ
നേടിയ എല്ലാ നേട്ടങ്ങളും  ശാസ്ത്രത്തിന്റെ
സഹായത്തോടെ ആണ് .

ശാസ്ത്രത്തിന്റെ വിരൽത്തുമ്പും
പിടിച്ചുകൊണ്ടാണ് ഇന്ന് ലോകം
ചലിച്ചുകൊണ്ടിരിക്കുന്നത്.മനുഷ്യന് ഉണ്ണാനും
ഉറങ്ങാനും ഊർജ്ജം വേണം.എന്താണ് ഊർജ്ജം?

പ്രവർത്തി ചെയ്യാനുള്ള കഴിവാണ്
ഊർജ്ജം.പ്രവൃത്തി എന്ന അർത്ഥത്തിൽ ആദ്യമായി
ഊർജ്ജം എന്ന പദം ആദ്യമായി  ഉപയോഗിച്ചത്
ബിസി നാലാം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലിന്റെ

കൃതിയിലായിരുന്നു.എനർജി എന്ന ഈ പദം ഗ്രീക്കിലെ എനെർജിയ എന്ന പടത്തിൽ നിന്നുണ്ടായതാണ്.

യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തോടെ ആധുനിക മനുഷ്യന്റെ ജോലികൾ പകുതിയായി.കുറക്കാൻ കഴിഞ്ഞു.എന്നാൽ ഭാവിയിൽ ഇന്ധനക്ഷാമം രൂക്ഷമാകാനാണ് സാധ്യത.പെട്രോൾ ,ഡീസൽ എന്നിവ മണ്ണിൽ നിന്നും കുഴിച്ചെടുക്കുന്നു.തീവ്ര ഖനനം മൂലം ഭാവിയിൽ അത് ഭൂമിക്കു ദോഷമായേക്കാം.ഉപയോഗം പരമാവധി കുറക്കുക എന്നതാണ് ഏക മാർഗം.ഊർജ്ജശക്തിയിൽ ലോകരാഷ്ട്രങ്ങളിൽ വെച്ച് മൂന്നാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്.ഖനനത്തിനായി 1867 ൽ പ്രവർത്തനമാരംഭിച്ച ആദ്യ കപ്പലാണ് ദിഗ്ബോയ്.ഇന്ത്യയിലെ കരിപ്പാടങ്ങളിൽ ആദ്യത്തെ ഊർജ്ജ വിമാനത്താവളം എന്ന സ്ഥാനം സ്വന്തമാക്കിയത് കൊച്ചിയാണ് .ന്യൂക്ലിയർ പ്ലാനറ്റ് ഓഫ് ഇന്ത്യ ലിമിറ്റഡ് ന്റെ താഴെ ആണ് ഇന്ത്യയിലെ ആണവ വൈദ്യുത നിലയങ്ങൾ .ഇന്ത്യയിലെ ആദ്യത്തെ  ആണവ വൈദ്യുത നിലയമാണ് രാജീവ് ഗാന്ധി ന്യൂക്ലിയർ പവർ പ്ലാനറ്റ് ഓഫ് ഇന്ത്യ

ലിമിറ്റഡ്.ഭാവിയിൽ നമ്മുടെ രാഷ്ട്രം ഊർജ്ജ പ്രതിസന്ധി നേരിടേണ്ടി വരുമെന്നതിൽ ഒരു തർക്കവുമില്ല .ജനങ്ങളെ സൗരോർജ്ജത്തിന്റെ മഹത്വത്തെപറ്റി ബോധവത്കരിക്കണം .

*സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക .

*അമ്മി ആട്ടുകൽ എന്നിവ ഉപയോഗിക്കുക.

*ബസുകളിൽ ചെറുദൂരത്തെയ്ക്ക് സഞ്ചരിക്കുക.

*സൗരോർജ്ജ പ്ലാനലുകൾ പരമാവധി ഊർജ്ജ സംരക്ഷണം നടപ്പാക്കാൻ കഴിയും.

പ്രപഞ്ചത്തിൽ എടുതാൾ തീരാത്ത ഭൗമോർജ്ജമുണ്ട്.ആരോഗ്യവും സമ്പത്തും ഊർജ്ജ സംരക്ഷണവും ഗൗരവ വിഷയമായി കണ്ടേപറ്റു .അതായിരിക്കണം വരും വര്ഷങ്ങളിലെ ചിന്തയും അധ്യാനവും.അല്ലെങ്കിൽ ഒരു ദിനം ലോകം നിന്ന് പോകും സംശയമില്ല .

അഭിനവ്


8 A

## നനവ്

പുഴനനയും വഴിമറന്ന വേനലിൽ
ഞെരമ്പുപൊട്ടിയ മണൽ ചുഴികളിൽ
തെളിഞ്ഞൊരോർമ്മതൻ തഴമ്പിൽ നിന്നിതാ
തെറിച്ചുതെറ്റിയ വരമ്പുകൾ നീളെ
മുറിഞ്ഞുവീണ ഓർമ്മകൾ
പതിയെ വന്നെന്നെ പുണർന്ന തെന്നലിൻ
കുളിർത്ത സ്പർശത്തിൽ തെളിഞ്ഞ ചിന്തകൾ
പടർന്നു പന്തലിച്ചിളം തണുപ്പിന്റെ
കുരുന്നു പുഞ്ചിരി കുണുങ്ങി നിൽക്കവേ
പരസ്പരം നമ്മോടടുത്തു നിർത്തുന്ന
പളുങ്ക് സ്നേഹത്താൽ പകർന്ന വാത്സല്യം
ഭയമൊഴിഞ്ഞിങ്ങ് തളിർത്തു നിൽക്കുന്ന
വ്യഥകൾ ചാരേ വന്നെരിയും കാലത്തും
നിരന്തരം നമ്മൾ നുകരുന്ന ഹർഷത്താൽ
നിറഞ്ഞ പൂവഴിക്കരികിൽ നിൽക്കവേ
മനസ്സിലുല്ലസിച്ചുണർന്ന വാർമൊഴിക്കനവു
നീന്തുന്നു നിറഞ്ഞ മോദത്താൽു
വരണ്ട മാനസം വിതുമ്പുന്നു നിന്നെ
ഇരുണ്ട പാതകൾ വിളിക്കയായ് തെല്ലും
പരിഭ്രമിക്കാതെ നടന്ന നിന്നിളം

ചുവന്ന പൊട്ടുകൾ പരക്കുന്നു ചുറ്റും
വെയിൽ കനക്കുമ്പോൾ നിവർത്തി നീട്ടിടും
വിരിഞ്ഞ പൂക്കുട വിതർത്ത ശാഖകൾ
നിറക്കുന്നു മധു തളിർക്കുന്നു നിന്റെ
കിനാവിലുന്മാദം നിറയ്ക്കും ചന്തങ്ങൾ
അഴിഞ്ഞുവീഴാതെ അമർത്തി നിൻചുണ്ടിൽ
പിറക്കാനോങ്ങുന്ന പരിഹാസചിരി
നനഞ്ഞു ചീർക്കുന്ന ചുവന്ന നീറ്റലി
കറുത്ത വേഗത്തിൻ വിശുദ്ധപാപത്താൽ

ഹരിത
10 f



## കുട്ടുകൂടൽ

മഴവരുമ്പോൾ
കുടയണിയണം
കുടയിൽ കൂടപ്പിറപ്പുവേണം.
കുടയില്ലാത്തൊരു കൂടപ്പിറപ്പിനു
കുടകൊടുക്കണം
മഴയെന്നാൽ കുട
കൂട്ടുകൂടാനൊരു കുട
കുടയ്ക്കുള്ളിൽ
കൂട്ടുകാരൻ



# കരിയിലകൾ

എന്നും ബാക്കിയാവുന്നത്
ഒരു പിടി കരിയിലകൾ
ഇന്നലെ കാറ്റിൽ
പറന്നെത്തിയവ
ഇന്നത്തെ  മഴയിൽ
നനഞ്ഞു കുതിർന്നവ
നാളെ ഒരു പിടി
ചാര മാവേണ്ടവ

ഒരുനാൾ പൂമരക്കൊമ്പിൽ
തളിർത്തവ
ഒരുകൊച്ചു പൂവിനു
തുണയായവ
കായ്കളിൽ കനവിന്റെ
തേനായവ
വെയിലിൽ മഴപ്പാട്ട്
കാട്ടി ചിരിച്ചവ
മഴയിൽ വിറയാർന്ന
കുടയായവ
ഒടുവിലാ പൂവിട്ട്  കായ് വിട്ട്

ചില്ലുവിട്ടടർന്ന മണ്ണിന്റെ
മാറിൽ പതിച്ചവ
ഇന്നലെ കാറ്റിൽ പറന്നെത്തിയവ
ഇന്നലത്തെ മഴയിൽ
നനഞ്ഞു കുതിർന്നവ
നാളയുടെ തളിരിന്
വളമേകി
കരയിൽ കരിയില
പാടായി മാഞ്ഞവ

ഹരിത പി യു



## ഉപന്യാസം

## സെപ്റ്റംബർ 5,അധ്യാപകദിനം

പുതിയ കഴിവുറ്റ തലമുറകളെ വളർത്തിയെടുക്കാനുള്ള കേന്ദ്രങ്ങളാണ് വിദ്യാലയങ്ങൾ.ഗുരുക്കന്മാരായ അദ്ധ്യാപകർതന്നെയാണ് രാജ്യത്തിനെ യഥാർത്ഥ സ്രഷ്ട്ടാക്കൾ.അതുകൊണ്ടുതന്നെ നമ്മുടെ സമൂഹത്തിലെ ഏറ്റവും ബഹുമാന്യരായ വ്യക്തിത്വങ്ങൾ അദ്ധ്യാപകരനെന്ന കാര്യത്തിൽ തർക്കമില്ല.ഒരു നല്ല വ്യക്തിത്വത്തെ വാർത്തെടുക്കുന്നതിൽ അദ്ധ്യാപകർ വഹിക്കുന്ന പങ്ക് ചെറുതല്ല.
ഹിന്ദി കവിത്രയത്തിലെ ഭക്തകവി എന്നറിയപ്പെടുന്ന തുളസീദാസ് ഓലിക്കൽ പറയുകയുണ്ടായി : "ഈശ്വരനും ഗുരുവും എന്റെ മുമ്പിൽ വന്നുനിന്നാൽ ഞാൻ ആദ്യം ഗുരുവിനെ നമസ്കരിക്കും . എന്തെന്നാൽ ഈശ്വരനെ കാണാനുള്ള ശക്തി എനിക്ക് പ്രദാനം ചെയ്യുത് ഗുരുവാണ്".രക്ഷിതാക്കൾ കുട്ടികൾക്ക് ജീവിതം

നൽകുമ്പോൾ അദ്ധ്യാപകർ ജീവിക്കാനുള്ള കലയാണ് നൽകുന്നത്.നമ്മുടെ മനസ്സിലെ അന്ധകാരത്തെ നീക്കി നമുക്ക് വെളിച്ചം പകരുന്നത് ഗുരുവാണ്.ഈ വെട്ടം വിജ്ഞാനമാണ്.മനസ്സിൽ ഗുരു അറിവിന്റെ കെടാവിളക്ക് തെളിയിക്കുന്നു.അക്ഷരങ്ങളിൽ പിച്ചവെച്ചുനടത്തി അറിവിൻലോക്കങ്ങൾ നൽകുന്നവരാണ് അധ്യാപകർ.നമ്മെ നാമാക്കുന്നവർ.ഗുരു-ശിഷ്യ ബന്ധം പുണ്യവും പാവനവുമാണ്.എന്നാൽ ആധുനിക സമൂഹത്തിൽ ഈ ബന്ധത്തിന് മാറ്റം സംഭവിച്ചിരിക്കുന്നു എന്നത് ഒരുതരത്തിൽ ശരിയാണ്.

അതിപുരാതനമായ ഗുരുകുല സമ്പ്രദായത്തിൽ ശിഷ്യർ ഗുരുകുലങ്ങളിൽ അതായത്ു ഗുരുവിന്റെ ക്രൂടെയാണ് താമസിച്ചിരുന്നത്.ഗുരു പറയുന്നതാണ് അവിടെ പ്രമാണം. ആചാര്യനും സഹായിയിയുമെല്ലാം ഗുരുതന്നെ. ഗുരുകുല സമ്പ്രദായത്തിൽ വിദ്യാർത്ഥികളുടെ നന്മമാത്രംയിരുന്നു ഗുരുവിന്റെ ലക്ഷ്യം.അവരെ യാതൊരു വകഭേദവുംമിലാതെ ഗുരു നോക്കികൊണ്ടിരുന്നു. കുട്ടികൾക്ക് പഠിക്കാൻ

പ്രചോദനം നൽകുകയാണ് ഒരു അദ്ധ്യാപകന്റെ
ലക്ഷ്യം .അതാണ് കർത്തവ്യവും.കുട്ടികളോടുള്ള സ്നേഹവും
ടുള്ള സ്നേഹവുംക്രൂടിച്ചേരുമ്പോഴാണ് ഒരാൾ യഥാർത്ഥ
അദ്ധ്യാപകനാവുന്നത്.
ഗുരു-ശിഷ്യ ബന്ധത്തിന്റെ തീവ്രതയും മഹത്വവും
വിളിച്ചോതുന്നതായിരിക്കണം ഓരോ അധ്യാപക
ദിനവും.നന്മയുടെ കെടാവിളക്ക് നമ്മുടെ ഉള്ളിൽ
തെളിയിക്കുന്നവരായിരിക്കണം ഓരോ ഗുരുവും.

തയ്യാറാക്കിയത് ;

സാന്ദ്ര സുരേഷ് ,
9 A

## പഴഞ്ചൊല്ലുകൾ

*എല്ലു മുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം
*മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കുമോ?....
*പതിയെ തിന്നാൽ പനയുംതിന്നാം
*വിത്തുഗുണം പത്തുഗുണം
*മടിയൻ മലചുമക്കും
*വല്ലവന് പുല്ലുമായുധം
*ഗതികെട്ടാൽ പുലി പുല്ലും തിന്നും
*വെളുക്കാൻ തേച്ചത് പാണ്ടായി
*കാക്ക കുളിച്ചാൽ കൊക്കാവില്ല
*കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിൽ നട്ടാൽ മീൻക്കണ്ണോളം
*കൈനനയാതെ മീൻ പിടിക്കാൻ കഴിയില്ല
*കുംഭത്തിൽ നട്ടാൽ കുപ്പയിലും മാണിക്യം
*കാക്കക്കു തൻകുഞ്ഞു പൊൻകുഞ്ഞ്

## മാതാവിൻ കരുണ

### എൻ സ്വപ്നമേ നീ പുഞ്ചിരിച്ചാൽ

ധരണി തൻ ചുണ്ടുകളിൽ കൂടി
വിടരും മന്ദഹാസം
ആയിരം കിനാക്കൾ കാണുമെൻ
ഒരു സ്വപ്നം സഫലീകര്ക്കയാൽ
ഞാൻ കൊതിക്കുമാ മാതൃ സ്നേഹം
എൻ അമ്മതൻ മാനസം.
ക്ഷണഭംഗുരമാമീ ജീവിതം
സ്നേഹപൂർണ്ണമാകുകിൽ
ഞാൻ കേഴുമാ മാനസത്തിനായി
എൻ അമ്മതൻ മാനസത്തിനായി.
ഉലകിൽ ഉത്തുംഗയാം മാതാക്കൾക്കു മുമ്പിൽ
നാമെത്ര കുറിയവർ
ആരാണവൾ എന്നമ്മയോ........
എൻ സഹപാഠിയോ..........
എൻ ലോകമോ...........
അമ്മേ എൻ ലോകമോ നിൻ കരുണ

അഞ്ജലി .എം

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി

ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി






# W A V E S